LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിക്കുന്ന ഫാക്ടറിയുടെ നിർമ്മാണം പുരോഗമിക്കുകയാണ്. കോഴിത്തീറ്റ ഉല്പാദിപ്പിക്കാനുപയോഗിക്കുന്ന അസംസ്കൃത വസ്തുവായ സോയാബീനിന്റെ അഭൂതപൂർവ്വമായ വിലക്കയറ്റം കോഴി കർഷകരെ ബാധിച്ച അവസരത്തിൽ സർക്കാരിന്റെ സമയബന്ധിതമായ ഇടപെടൽ മൂലം പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് അതുല്യം ലെയർ, അതുല്യം ഗ്രോവർ, കൈരളി എന്നീ ബ്രാൻഡ് കോഴിത്തീറ്റകൾ വിപണിയിൽ ലഭ്യമാക്കിയിരുന്നു. സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയ സാഹചര്യത്തിൽ, ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഈ വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള നൂതന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വൈക്കോൽ ബെയിലിംഗ് യൂണിറ്റ് പദ്ധതിയും നടപ്പാക്കുന്നുണ്ട്.

**മൃഗസംരക്ഷണ മേഖലയിലെ തൊഴിൽ സാധ്യതകൾ**

254 (5317) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടാൻ മൃഗസംരക്ഷണ, ക്ഷീരവികസന രംഗങ്ങളിൽ കൂടുതൽ ഉപജീവന മാർഗ്ഗങ്ങൾ ആവിഷ്കരിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

കോവിഡ് കാലം തൊഴിൽ മേഖലകളിൽ സൃഷ്ടിച്ച പ്രതിസന്ധികളെ നേരിടുന്നതിനായി ക്ഷീരവികസന വകുപ്പ് ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടുവരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കാനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപമെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന

പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കോവിഡുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കോവിഡ് 19 - ന്റെ പശ്ചാത്തലത്തിലുള്ള ലോക്ക്ഡൗൺ കാലയളവിൽ സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾ ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങൾക്ക് തീറ്റ വാങ്ങുന്നതിന് ദുരന്ത നിവാരണ ഫണ്ടിൽ (SDRF) നിന്ന് 2020-21 സാമ്പത്തിക വർഷം ലഭിച്ച അഞ്ചുകോടി രൂപ തീറ്റ വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. ആയതു പ്രകാരം അനുവദിച്ച കിട്ടിയ 5 കോടി രൂപയും സ്വകാര്യ ഉടമസ്ഥതയിലുള്ള ആനകൾക്ക് തീറ്റ നൽകുന്നതിനും കോവിഡ്മൂലം നിരീക്ഷണത്തിൽ കഴിയുന്ന കർഷകരുടെ പശുക്കൾക്ക് തീറ്റ നൽകുന്നതിനുമായി വിനിയോഗിച്ചു.

**കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ്**

255 (5318) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

കർഷക ഭവനങ്ങളുടെ ജിയോ മാപ്പിംഗ് നടത്തുന്ന പ്രവൃത്തി പൂർണ്ണമായി പൂർത്തീകരിച്ചിട്ടില്ല. ഇതുവരെ 5,31,000 -നുമേൽ ഭവനങ്ങളുടെ ജിയോ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി മൃഗസംരക്ഷണമേഖലയിൽ പ്രയോജനം ചെയ്യുന്നതല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൃഗസംരക്ഷണ വകുപ്പിലെ ജിയോ മാപ്പിംഗ് സംവിധാനത്തിൽ കർഷക ഭവനങ്ങളെ ഉൾപ്പെടുത്തിയതുമൂലം കർഷകരുടെ ഉരുക്കളെ ബാധിക്കുന്ന പകർച്ച വ്യാധികൾ, മറ്റ് രോഗങ്ങൾ എന്നിവ സംബന്ധിച്ച് സമയബന്ധിതമായി നിർദ്ദേശങ്ങൾ നൽകുന്നതിനും ആയതനുസരിച്ച് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ജിയോ മാപ്പിംഗ്

LIBRARY ARCHIVES Kerala Legislative Assembly